**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 918** **29-06-2026-ൽ മറുപടിയ്ക്ക്**

**വാഴക്കോട്-ചെറുതുരുത്തി പി .ഡബ്ല്യൂ.ഡി. റോഡ്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. യു. ആർ. പ്രദീപ് ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** തൃശ്ശൂർ പി.ഡബ്ല്യൂ.ഡി. ഡിവിഷൻ വടക്കാഞ്ചേരി സബ്ഡിവിഷൻ ചേലക്കര സെക്ഷൻ പരിധിയിൽ വരുന്ന കൊടുങ്ങല്ലൂർ-ഷോർണ്ണൂർ (എസ് എച്ച് 22)റോഡിലെ ചേലക്കര നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന കി.മി. 63/605 മുതൽ 70/600 വരെയുള്ള വാഴക്കോട്-ചെറുതുരുത്തി ഭാഗം പി.ഡബ്ല്യൂ.ഡി. റോഡ് എന്നാണ് അവസാനമായി ഉപരിതലം പുതുക്കിപ്പണി നടത്തിയിട്ടുള്ളത്;

**മറുപടി:** കൊടുങ്ങല്ലൂർ - ഷൊർണ്ണൂർ എസ് എച്ച് 22 റോഡിലെ ചേലക്കര നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട കി മീ 62/605 മുതൽ 70/600 വരെയുള്ള വാഴക്കോട് - ചെറുതുരുത്തി ഭാഗത്ത് അവസാനമായി ഉപരിതല പുനരുദ്ധാരണ (BC Overlay ) പ്രവൃത്തി 23/05/2020 ന് പൂർത്തീകരിച്ചതാണ്. ഭാര വാഹനങ്ങൾ ഉൾപ്പെടെയുള്ള വാഹനങ്ങളുടെ നിരന്തര ഗതാഗതവും കാലപ്പഴക്കവും മൂലം റോഡിന്റെ ഉപരിതലത്തിന് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. പ്രസ്തുത റോഡിൽ കി മീ 62/605 മുതൽ 70/600 വരെ (BC Overlay) ചെയ്യുന്നതിനായി പുതുക്കിയ DSOR നിരക്കുകൾ പ്രകാരം ഏകദേശം 6.50 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നല്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**(ബി)** ചെറുതുരുത്തി ഭാഗത്തുനിന്നും വാഴക്കോട്-തൃശ്ശൂർ ഭാഗത്തേക്ക് പോകുന്ന ഈ റോഡിന്റെ ഇടതുഭാഗത്തെ ഉപരിതലം ഭാരമേറിയ ടോറസ് പോലുള്ള വാഹനങ്ങൾ നിരന്തരം കടന്നു പോകുന്നതുമൂലം തകർന്നിരിക്കുകയാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** കൊടുങ്ങല്ലൂർ - ഷൊർണ്ണൂർ എസ് എച്ച് 22 റോഡിലെ ചേലക്കര നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട കി മീ 62/605 മുതൽ 70/600 വരെയുള്ള വാഴക്കോട് - ചെറുതുരുത്തി ഭാഗത്ത് അവസാനമായി ഉപരിതല പുനരുദ്ധാരണ (BC Overlay ) പ്രവൃത്തി 23/05/2020 ന് പൂർത്തീകരിച്ചതാണ്. ഭാര വാഹനങ്ങൾ ഉൾപ്പെടെയുള്ള വാഹനങ്ങളുടെ നിരന്തര ഗതാഗതവും കാലപ്പഴക്കവും മൂലം റോഡിന്റെ ഉപരിതലത്തിന് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. പ്രസ്തുത റോഡിൽ കി മീ 62/605 മുതൽ 70/600 വരെ (BC Overlay) ചെയ്യുന്നതിനായി പുതുക്കിയ DSOR നിരക്കുകൾ പ്രകാരം ഏകദേശം 6.50 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നല്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**(സി)** വർദ്ധിച്ച ഗതാഗത തിരക്കുള്ള ഈ റോഡ് പുതുക്കിപ്പണിയുന്നതിന് 6.5 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചതിന്മേൽ തുടർനടപടി സ്വീകരിച്ച് ഭരണാനുമതി നൽകുന്നതിന് മുൻഗണനയുള്ള പരിഗണന നൽകുമോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

**മറുപടി:** കൊടുങ്ങല്ലൂർ - ഷൊർണ്ണൂർ എസ് എച്ച് 22 റോഡിലെ ചേലക്കര നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട കി മീ 62/605 മുതൽ 70/600 വരെയുള്ള വാഴക്കോട് - ചെറുതുരുത്തി ഭാഗത്ത് അവസാനമായി ഉപരിതല പുനരുദ്ധാരണ (BC Overlay ) പ്രവൃത്തി 23/05/2020 ന പൂർത്തീകരിച്ചതാണ്. ഭാര വാഹനങ്ങൾ ഉൾപ്പെടെയുള്ള വാഹനങ്ങളുടെ നിരന്തര ഗതാഗതവും കാലപ്പഴക്കവും മൂലം റോഡിന്റെ ഉപരിതലത്തിനു കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. പ്രസ്തുത റോഡിൽ കി മീ 62/605 മുതൽ 70/600 വരെ (BC Overlay) ചെയ്യുന്നതിനായി പുതുക്കിയ DSOR നിരക്കുകൾ പ്രകാരം ഏകദേശം 6.50 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നല്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**